# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 04 2022




## ശബരിമല പത്രക്കുറിപ്പ്-2


ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com


## ഇരുപതിനായിരത്തോളം നാളീകേരത്തിന്റെ അഭിഷേകത്തിനൊരുങ്ങി ശബരിമല

ചരിത്രത്തിലാദ്യമായി ഇരുപതിനായിരത്തോളം നാളീകേരത്തിന്റെ നെയ്യഭിഷേകത്തിനൊരുങ്ങി ശബരിമല. ബുധനാഴ്ച്ച പുലർച്ചെയാണ് ( 05.01.2022) നെയ്യഭിഷേകം നടക്കുന്നത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി വ്യവസായി വിഷ്ണു ശരൺ ഭട്ടാണ് നെയ്യഭിഷേകം വഴിപാടായി നേർന്നത്. പതിനെട്ടായിരത്തി ഒന്ന് (18001) നെയ്ത്തേങ്ങയുടെ അഭിഷേകമാണ് അദ്ദേഹം വഴിപാടായി നേർന്നത്. എന്നാൽ ഇരുപതിനായിരത്തോളം നാളീകേരം അഭിഷേകത്തിനായി തയ്യാറാക്കിയിട്ടു ്. നെയ്യഭിഷേകത്തിനായി 18 ലക്ഷം രൂപയും ദേവസ്വത്തിലേക്ക് മുതൽ കൂട്ടായി അടച്ചു. 2280 കിലോ നെയ്യും 7.5 ടൺ നാളീകരവുമാണ് അഭിഷേകത്തിനായി ഉപയോഗിക്കുന്നത്. പത്ത് ശാന്തിക്കാർ രാപ്പകൽ ഇരുന്ന് നിറച്ച നെയ്ത്തേങ്ങകൾ ചൊവ്വാഴ്ച്ചയോടെ ശ്രീലകത്തിന് സമീപത്തുള്ള നടയിൽ എത്തിച്ചു. സുഹൃത്തും കിളിമാനൂർ സ്വദേശിയുമായ ഉണ്ണികൃഷ്ണൻ പോറ്റി ആദ്യ നെയ്ത്തേങ്ങ ഉടച്ചു നെയ്യഭിഷേകത്തിനുള്ള ഒരുക്കത്തിന് തുടക്കമിട്ടു. വഴിപാടുകാരനായ വ്യവസായിയുടെ സുഹൃത്തുക്കളും അവരുടെ ബന്ധുക്കളും അടങ്ങിയ സംഘം ചടങ്ങിന് സാക്ഷ്യം വഹിക്കാൻ സന്നിധാനത്ത് എത്തിയിരുന്നു. ദേവസ്വം ബോർഡിന്റെ അകമഴിഞ്ഞ സഹകരണമാണ് ചടങ്ങുകൾ

പൂർത്തിയാക്കാൻ ലഭിച്ചതെന്ന് അവർ പറഞ്ഞു. ആദ്യമായാണ് ഒരു ഭക്തൻ ഇത്രയും അളവിൽ നാളീകേരം നെയ് നിറച്ച് അയ്യപ്പന് അഭിഷേകം ചെയ്യുന്നതെന്ന് ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ കൃഷ്ണകുമാര വാര്യർ പറഞ്ഞു. ഡിസംബർ 31 നാണ്  നെയ് തേങ്ങ നിറക്കൽ ചടങ്ങുകൾ പമ്പയിൽ തുടങ്ങിയത്.

